# 1. വൈദ്യുത പ്രവാഹത്തിന്റെ ഫലങ്ങൾ

ഊന്നൽ മേഖലകൾ

1. വൈദ്യുത ഉപകരണങ്ങളിലെ ഊർജ്ജമാറ്റം
2. വൈദ്യുത പ്രവാഹത്തിന്റെ താപഫലം.
3. ജൂൾനിയമം - ഇവയുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ .
4. പ്രതിരോധകങ്ങളുടെ ക്രമീകരണം - ശ്രേണീരീതി സമാന്തരരീതി - ഇവയുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ .
5. വൈദ്യുത താപനോപകരണങ്ങൾ
6. ഹീറ്റിങ് കോയിലായി ഉപയോഗിക്കുന്ന പദാർത്ഥത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ
7. ഷോർട്ട് സെർക്കീട്ട് & ഓവർ ലോഡിങ്
8. സുരക്ഷാ ഫ്യൂസിന്റെ പ്രവർത്തനം.
9. ഫ്യൂസ് വയറായി ഉപയോഗിക്കുന്ന പദാർത്ഥത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ
10. വൈദ്യുതപവർ - ഇവയുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ

## 1. വൈദ്യുത ഉപകരണങ്ങളിലെ ഊർജ്ജമാറ്റം

| ഉപകരണം | ഊർജ്ജമാറ്റം | ഫലം |
|---|---|---|
| വൈദ്യുത ബൾബ് | വൈദ്യുതോർജം → പ്രകാശോർജം | പ്രകാശഫലം |
| ഇൻഡക്ഷൻ കുക്കർ | വൈദ്യുതോർജം → താപോർജം | താപഫലം |
| സ്റ്റോറേജ് ബാറ്ററി (ചാർജ് ചെയ്യുമ്പോൾ) | വൈദ്യുതോർജം → രാസോർജം | രാസഫലം |
| ഗ്രൈൻഡർ | വൈദ്യുതോർജം →യാന്ത്രികോർജം | യാന്ത്രികഫലം |
| ഫാൻ | വൈദ്യുതോർജം →യാന്ത്രികോർജം | യാന്ത്രികഫലം |

## 2. വൈദ്യുതപ്രവാഹത്തിന്റെ താപഫലം

* ഏതൊരു ചാലകത്തിലൂടെയും വൈദ്യുതി കടന്നുപോകുമ്പോൾ അവിടെ താപം ഉത്പാദിപ്പിക്കപ്പെടുന്നു.

ഒരു വോൾട്ട്

* ഒരു കൂളോം ചാർജ് ഒരു ബിന്ദുവിൽനിന്നും മറ്റൊരു ബിന്ദുവിലേക്കു ചലിപ്പിക്കാൻ ചെയ്യേണ്ട പ്രവർത്തി ഒരു ജൂൾ ആണെങ്കിൽ ആ ബിന്ദുക്കൾക്കിടയിലുള്ള പൊട്ടൻഷ്യൽ വ്യത്യാസം ഒരു വോൾട്ട് ആയിരിക്കും.

ജൂൾ ഹീറ്റിങ് (Joule Heating or Ohmic Heating)

* സെർക്കീട്ടിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ താപോർജം രൂപപ്പെടുന്ന പ്രവർത്തനമാണ് ജൂൾ ഹീറ്റിങ് എന്ന് അറിയപ്പെടുന്നത് .

* വൈദ്യുതി കടന്നുപോകുന്ന ഒരു ചാലകത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന താപത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

1. വൈദ്യുത പ്രവാഹതീവ്രത (കറന്റ് )(I)
2. ചാലകത്തിന്റെ പ്രതിരോധം (R)
3. വൈദ്യുതി പ്രവഹിക്കുന്ന സമയം (t)

### 3. ജൂൾനിയമം - ഇവയുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ .

**ജൂൾനിയമം (Joule's Law)**

വൈദ്യുതി പ്രവഹിക്കുന്ന ഒരു ചാലകത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന താപത്തിന്റെ അളവ് വൈദ്യുത പ്രവാഹതീവ്രതയുടെ വർഗത്തിന്റെയും ചാലകത്തിന്റെ പ്രതിരോധത്തിന്റെയും വൈദ്യുതി പ്രവഹിക്കുന്ന സമയത്തിന്റെയും ഗുണനഫലത്തിന് നേർ അനുപാതത്തിലായിരിക്കും.

$H \propto I^2Rt \qquad \therefore H = I^2Rt$ ജൂൾ

I ആമ്പയർ യൂണിറ്റിലുള്ള വൈദ്യുതപ്രവാഹതീവ്രതയെയും R ഓം യൂണിറ്റിലുള്ള പ്രതിരോധത്തെയും t സെക്കന്റ് യൂണിറ്റിലുള്ള സമയത്തെയും സൂചിപ്പിക്കുന്നു.

* താപഫലം പ്രയോജനപ്പെടുത്തുന്ന മിക്ക ഉപകരണങ്ങളിലും ജൂൾനിയമമാണ് പ്രയോജനപ്പെടുത്തുന്നത് .

* ഒരു ചാലകത്തിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ ഉല്പ്പാദിപ്പിക്കുന്ന താപത്തിന്റെ അളവ് കണക്കാക്കുന്നത് $H = I^2Rt$ എന്ന സമവാക്യത്തെ മറ്റുചില രൂപങ്ങളിലും എഴുതാം .

$H = I^2Rt$

$H = VIt$

$H = (V^2/R)t$

H – താപോർജം
R - പ്രതിരോധം
V – പൊട്ടൻഷ്യൽ വ്യത്യാസം
I – കറന്റ്
t – സമയം

**ജൂൾനിയമവുമായി ബന്ധപ്പെട്ട ഏതാനും ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാം.**

1. **200 Ω പ്രതിരോധമുള്ള ഒരു ചാലകത്തിലൂടെ 0.2 A വൈദ്യുതി 5 മിനിറ്റ് സമയം പ്രവഹിച്ചാൽ ഉൽപാദിപ്പിക്കപ്പെടുന്ന താപം എത്രയായിരിക്കും ?**

കറന്റ് $I = 0.2$ A

പ്രതിരോധം $R = 200\ \Omega$

സമയം $t = 5 \times 60 = 300$ s

താപം $H = ?$

$H = I^2Rt$
$= (0.2)^2 \times 200 \times 300$
$= 2400$ J

* 4.2 J ഒരു കലോറിയാണെങ്കിൽ H = 2400 / 4.2 = 571.4 കലോറി

2. **230 V ൽ പ്രവർത്തിക്കുന്ന ഒരു ബൾബിന്റെ പ്രതിരോധം 920 Ω ആണെങ്കിൽ 3 മിനിറ്റിൽ ഉല്പാദിപ്പിക്കുന്ന താപം എത്രയായിരിക്കും ?**

പ്രതിരോധം $R = 920\ \Omega$

വോൾട്ടത $V = 230$ V

സമയം $t = 3 \times 60 = 180$ s

താപം $H = ?$

$H = (V^2/R)t$

$= (230^2/920) \times 180$

$= 10350$ J

ഓം നിയമം $R = V/I$

$I = V / R$

$= 230 / 920 = 0.25$ A

$H = ?$

$H = I^2Rt$

$= (0.25)^2 \times 920 \times 180$

$= 10350$ J

3. **230 V ൽ പ്രവർത്തിപ്പിക്കാൻ തയ്യാറാക്കിയ ഒരു ഇലക്ട്രിക് ഇസ്തിരിപ്പെട്ടിയിലൂടെ 3 A വൈദ്യുതി അരമണിക്കൂർ പ്രവഹിച്ചാൽ ഉത്പാദിപ്പിക്കപ്പെട്ട താപത്തിന്റെ അളവ് എത്രയാണ്?**

കറന്റ് $I = 3\ A$

വോൾട്ടത $V = 230\ V$

സമയം $t = 30 \times 60 = 1800\ s$

താപം $H = ?$

$$H = VIt$$
$$= 230 \times 3 \times 1800$$
$$= 1242000\ J$$

4. പ്രതിരോധകങ്ങളുടെ ക്രമീകരണം - ശ്രേണീരീതി സമാന്തരരീതി - ഇവയുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ .

1. ശ്രേണിരീതി

സർക്യൂട്ടിൽ പ്രതിരോധങ്ങളെ ഒന്നിനോടൊന്ന് തുടർച്ചയായി ബന്ധിപ്പിച്ച് സെർക്കീട്ട് ഒറ്റ പാതയിലൂടെ പൂർത്തിയാകുന്ന ഇതാണ് ശ്രേണീരീതി





fig1.6

സഫല പ്രതിരോധം, $R = R_1 + R_2$

Ex. 1 ( Fig.1.6 ) $R_1 = 3\ \Omega$

$R_2 = 6\ \Omega$

സഫല പ്രതിരോധം , $R = R_1 + R_2$

$R = 3\ \Omega + 6\ \Omega$

$R = 9\ \Omega$

2. If 2 Ω, 4 Ω , 6 Ω എന്നീ പ്രതിരോധകങ്ങൾ ശ്രേണീരീതിയിൽ ബന്ധിപ്പിച്ചാൽ സഫലപ്രതിരോധം എത്ര?

$R_1 = 2\ \Omega$
$R_2 = 4\ \Omega$
$R_3 = 6\ \Omega$


സഫല പ്രതിരോധം , $R = R_1 + R_2 + R_3$

$R = 2\ \Omega + 4\ \Omega + 6\ \Omega = 12\ \Omega$

**പ്രതിരോധകങ്ങൾ ശ്രേണീരീതിയിൽ ബന്ധിപ്പിക്കുമ്പോൾ**

* പൊട്ടൻഷ്യൽ വ്യത്യാസം (വോൾട്ടത) വ്യത്യസ്തം.
* ഓരോ പ്രതിരോധകത്തിലൂടെയുമുള്ള കറണ്ട് തുല്യമായിരിക്കും.
* സഫല പ്രതിരോധം കൂടുതലായിരിക്കും.

## 2. സമാന്തര രീതിയിൽ




സഫല പ്രതിരോധം, $1/R = 1/R_1 + 1/R_2$

$$R = \frac{R_1 \times R_2}{R_1 + R_2}$$

Eg. 1 ( Fig.1.7 )

$R_1 = 3\ \Omega$
$R_2 = 6\ \Omega$

സഫല പ്രതിരോധം $$R = \frac{R_1 \times R_2}{R_1 + R_2}$$

$$R = \frac{3\ \Omega \times 6\ \Omega}{3\ \Omega + 6\ \Omega}$$

$R = 2\ \Omega$

*2)* 2 Ω, 4 Ω എന്നീ പ്രതിരോധകങ്ങൾ സമാന്തരമായി ബന്ധിപ്പിച്ചാൽ സഫലപ്രതിരോധം എത്ര?

$R_1 = 2\ \Omega$

$R_2 = 4\ \Omega$

സഫല പ്രതിരോധം,

$$R = \frac{R_1 \times R_2}{R_1 + R_2}$$

$$R = \frac{2\ \Omega \times 4\ \Omega}{2\ \Omega + 4\ \Omega}$$

$R = 1.33\ \Omega$

* r പ്രതിരോധമുള്ള പ്രതിരോധങ്ങളെ സമാന്തര രീതിയിൽ ഘടിപ്പിച്ചാൽ സഫലപ്രതിരോധം R = r/n ആയിരിക്കും. n എന്നത് പ്രതിരോധകങ്ങളുടെ എണ്ണമാണ്. ഇവിടെ r എന്നത് ഒരു പ്രതിരോധത്തിന്റെ മൂല്യമാണ്.

Eg. 1. പത്ത് 3 Ω പ്രതിരോധകങ്ങൾ സമാന്തരമായി ബന്ധിപ്പിച്ചാൽ സഫലപ്രതിരോധം എത്ര?

പ്രതിരോധകങ്ങളുടെ എണ്ണം $n = 10$

ഒരു പ്രതിരോധത്തിന്റെ മൂല്യം $r = 3\ \Omega$

സഫലപ്രതിരോധം $R = r/n$

$= 3/10 = 0.3\ \Omega$

<u>പ്രതിരോധകങ്ങൾ സമാന്തരമായി ബന്ധിപ്പിച്ചാൽ,</u>

* പൊട്ടൻഷ്യൽ വ്യത്യാസം (വോൾട്ടത) തുല്ല്യം.

* ഓരോ പ്രതിരോധകത്തിലൂടെയുമുള്ള കറണ്ട് വ്യത്യസ്തം.

* സഫല പ്രതിരോധം കുറവായിരിക്കും.

## 5. വൈദ്യുത താപനോപകരണങ്ങൾ

- വൈദ്യുതോർജ്ജം താപോർജ്ജം ആക്കുന്ന ഭാഗം ഏത് പേരിൽ അറിയപ്പെടുന്നു .

  -ഹീറ്റിങ് കോയിൽ

• ഏത് പദാർത്ഥമാണ് ഈ ഭാഗം നിർമ്മിക്കാൻ സാധാരണ ഉപയോഗിക്കുന്നത്?

- നിക്രോം (നിക്കൽ,ക്രോമിയം,ഇരുമ്പ് എന്നീ ലോഹങ്ങളുടെ ലോഹ സങ്കരമാണ് ന്ക്രോം)

**6. ഹീറ്റിങ് കോയിലായി ഉപയോഗിക്കുന്ന പദാർത്ഥത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ**

• നിക്രോമിന്റെ സവിശേഷതകൾ എന്തെല്ലാം?

- ഉയർന്ന റെസിസ്റ്റിവിറ്റി
- ചുട്ടുപഴുത്ത അവസ്ഥയിൽ ഓക്സീകരിക്കപ്പെടാതെ ദീർഘനേരം നിലനിൽക്കാനുള്ള കഴിവ്.
- ഉയർന്ന ദ്രവണാങ്കം

## 7. ഷോർട്ട് സെർക്കീട്ട് & ഓവർ ലോഡിങ്

### ഷോർട്ട് സെർക്കീട്ട്

ബാറ്ററിയിലെ പോസിറ്റീവ് ടെർമിനലും നെഗറ്റീവ് ടെർമിനലും തമ്മിലോ, മെയിൻ സിലെ രണ്ടു വയറുകൾ തമ്മിലോ പ്രതിരോധം ഇല്ലാതെ സമ്പർക്കത്തിൽ വരുന്നതിനാണ് ഷോർട്ട് സെർക്കീട്ട് എന്ന് പറയുന്നത്.

### ഓവർ ലോഡിങ്

ഒരു സർക്യൂട്ടിൽ താങ്ങാവുന്നതിലധികം പവർ ഉള്ള ഉപകരണങ്ങൾ പ്രവർത്തിക്കുന്നതാണ് ഓവർ ലോഡിങ്.

## 8. സുരക്ഷാ ഫ്യൂസിന്റെ പ്രവർത്തനം

വൈദ്യുതിയുടെ താപ ഫലത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു ഉപകരണമാണ് സുരക്ഷാ ഫ്യൂസ്.

* ഒരു വൈദ്യുതി സെർക്കീട്ടിൽ സുരക്ഷാ ഫ്യൂസിന്റെ ധർമ്മമെന്ത്?

- ഒരു സെർക്കീട്ടിലൂടെ അമിത വൈദ്യുതപ്രവാഹം ഉണ്ടാകുന്നതുമൂലമുള്ള അപകടങ്ങളിൽനിന്നും നമ്മളെയും ഉപകരണങ്ങളെയും സംരക്ഷിക്കാനുള്ള സംവിധാനമാണ് സുരക്ഷാഫ്യൂസ്.

* ഫ്യൂസ് വയർ ആയി ഉപയോഗിക്കുന്ന ലോഹം ഏത്?

- ടിന്നും ലെഡും ചേർന്ന ലോഹസങ്കരം ,

*ഫ്യൂസ് വയർ ഉരുകിപ്പോകാൻ ഇടയാകുന്ന അമിതമായ വൈദ്യുതി പ്രവാഹം ഉണ്ടാകുന്ന സാഹചര്യങ്ങൾ ഏതെല്ലാം ആയിരിക്കും ?

-ഷോർട്ട് സെർക്കീട്ടും ഓവർ ലോഡിങ്ങും

* ഫ്യൂസ് വയർ സെർക്കീട്ടിൽ ഘടിപ്പിക്കുന്നത് ഏത് രീതിയിലാണ് ?

–ശ്രേണിരീതിയിൽ.

* ഫ്യൂസ് വയർ സെർക്കീട്ടിൽ പ്രവർത്തിക്കുന്നതെങ്ങനെ?

ഷോർട്ട് സെർക്കീട്ടോ ഓവർ ലോഡിങ്ങോ ഉണ്ടാകുമ്പോൾ.

▼

സെർക്കീട്ടിലൂടെയുള്ള കറന്റ് കൂടുന്നു.

▼

ജൂൾ നിയമമനുസരിച്ച് കൂടുതൽ താപം ഉൽപാദിപ്പിക്കുന്നു.

▼

ഫ്യൂസ് വയർ ഉരുകിപോകുന്നു.

▼

സെർക്കീട്ട് വിശ്ചേദിക്കപ്പെടുന്നു.

9. ഫ്യൂസ് വയറായി ഉപയോഗിക്കുന്ന പദാർത്ഥത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ

* ഫ്യൂസ് വയറിന്റെ സവിശേഷത എന്താണ്?

-താഴ്ന്ന ദ്രവണാങ്കം, ഉയർന്ന ഡക്റ്റിലിറ്റി

* വീടുകളിലെ ഫ്യൂസ് വയർ സെക്കീട്ടിൽ ഘടിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ എന്ന് എഴുതുക?

•ഫ്യൂസ് വയറിന്റെ അഗ്രങ്ങൾ യഥാസ്ഥാനങ്ങളിൽ ദൃഢമായി ഘടിപ്പിക്കണം.

• ഫ്യൂസ് വയർ കാരിയർ ബേസിൽ നിന്ന് പുറത്തേക്ക് തള്ളി നിൽക്കരുത്.

• അനുയോജ്യമായ ആമ്പിയറേജുള്ള ഫ്യൂസ് വയർ ഉപയോഗിക്കുക.

## 10. വൈദ്യുതപവർ - ഇവയുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ

* യൂണിറ്റ് സമയത്ത് ഒരു വൈദ്യുതോപകരണം വിനിയോഗിക്കുന്ന വൈദ്യുതോർജമാണ് വൈദ്യുതപവർ.

* പവറിന്റെ യൂണിറ്റ് വാട്ട് - W

പവർ കണക്കാക്കുന്നത് $P = \frac{\text{പ്രവൃത്തി}}{\text{സമയം}} \left(\frac{W}{t}\right)$

$P = VI$

$P = I^2R$

$P = V^2/R$

### ആമ്പയറേജ് (Amperage)

* ഒരു ഉപകരണത്തിന്റെ പവറും അതിൽ നൽകുന്ന വോൾട്ടേജും തമ്മിലുള്ള അനുപാതമാണ് ഉപകരണത്തിന്റെ ആമ്പയറേജ്

$$\text{ആമ്പയറേജ്} = \frac{\text{വാട്ടേജ്}}{\text{വോൾട്ടേജ്}} = \frac{W}{V}$$

1. ഒരു സെക്കീട്ടിലെ ഒരു ഉപകരണം 540 W പവർ ഉപയോഗിക്കുന്നു. വോൾട്ടേജ് 230 V എങ്കിൽ അമ്പയറേജ് എത്ര എന്ന് കണക്കാക്കുക?

പവർ $P = 540$ W

വോൾട്ടേജ് $V = 230$ V

അമ്പയറേജ് $= W/V$

$= 540 / 230 = 2.34 = 2.4$ A

2. 115 Ω പ്രതിരോധമുള്ള ഒരു താപന ഉപകരണത്തിലൂടെ 2 A വൈദ്യുതി പ്രവഹിക്കുന്നു എങ്കിൽ ഉപകരണത്തിന്റെപവർ എത്ര?

പ്രതിരോധം $R = 115\ \Omega$

കറന്റ് $I = 2$ A

പവർ $P = I^2R$

$= 2^2 \text{x } 115 = 4 \text{ x } 115 = 460$ W

3. 400 V ൽ പ്രവർത്തിക്കുന്ന ഒരു വൈദ്യുത ഉപകരണത്തിന്റെ പവർ 1600 W ആണ്. ഈ ഉപകരണത്തിന് 200 V വൈദ്യുതിയാണ് നൽകുന്നതെങ്കിൽ അതിന്റെ പവർ എത്ര?

പവർ $P = 1600\ W$

വോൾട്ടേജ് $V = 400\ V$

പവർ $P = V^2 / R$

$R = V^2 / P = (400)^2 / 1600 = 100\ \Omega$

പവർ 200V ൽ $= (200)^2 / 100 = 400\ W$

* വോൾട്ടേജ് പകുതിയായി കുറച്ചപ്പോൾ പവർ നാലിലൊന്നായി കുറഞ്ഞു.